എമ്മാവൂസ്

# വചനദൂത്

Vol.23 / Issue - 38 / 26 March 2017

നോമ്പുകാലം 5-ാം ഞായർ യോഹ 8:12-20




ബ്ര. ദീപക് ജോസഫ്

നോമ്പുകാലത്തിലൂടെയാണ് നാം യാത്ര ചെയ്തുകൊണ്ടിരിക്കുന്നത്. ക്രിസ്തു നമ്മിൽ നിന്ന് ഫലം അന്വേഷിച്ച് വരുന്ന കാലഘട്ടമാണ് നോമ്പുകാലം. നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ വളവും, ജലവും പോലെതന്നെ സസ്യങ്ങൾക്ക് ആവശ്യമായ ഒന്നാണ് സൂര്യപ്രകാശം. നല്ല ഫലങ്ങൾ പുറപ്പെടുവിക്കുക എന്ന ആഹ്വാനത്തോടെയാണ് ക്രിസ്തു ഇന്ന് ലോകത്തിന്റെ പ്രകാശമായി തന്നെത്തന്നെ പരിചയപ്പെടുത്തുന്നത്.

ജെറുസലേം ദേവാലയത്തിൽ വച്ച് ഒരു കൂടാരത്തിരുനാളിന്റെ പശ്ചാത്തലത്തിലാണ് ക്രിസ്തുവിന്റെ ഈ പ്രസ്താവന. നമ്മുടെ നാട്ടിലെ ദീപാവലി ദിവസവുമായി സാമ്യമുള്ള തിരുന്നാളാണ് കൂടാരത്തിരുനാൾ. പ്രകാശവർണ്ണമായ നഗരത്തിൽ നിന്നുകൊണ്ട് ക്രിസ്തു പഠിപ്പിക്കുന്നു. ഞാനാണ് ലോകത്തിന്റെ പ്രകാശം. ഇസ്രായേൽക്കാർ കൂടാരത്തിരുനാൾ ആഘോഷിക്കുക ജെറുസലേം ദേവാലയത്തിന്റെ ചുറ്റും കൂടാരങ്ങൾ തീർത്തുകൊണ്ടാണ്. മരുഭൂമിയിൽ ഞങ്ങൾ കൂടാരങ്ങളിലായിരുന്നു വസിച്ചിരുന്നത് എന്നതിനെ ഓർമ്മപ്പെടുത്താനാണിത്. ദേവാലയത്തിലെ വലിയ നാല് ദീപങ്ങൾ തെളിയിക്കുന്നതും ഈ തിരുനാളിന്റെ മറ്റൊരു പ്രത്യേകതയാണ്. തിരുന്നാളിന്റെ അവസാനം കൂടാരം കെട്ടാനുപയോഗിച്ച കമ്പുകളെല്ലാം അവർ കൂട്ടിയിട്ട് കത്തിക്കും. ഇങ്ങനെ ദേവാലയത്തിലെ ദീപം തെളിഞ്ഞ, കൂടാരത്തിന്റെ കമ്പുകൾ കത്തിയമരുന്ന ഒരു സുന്ദര സായാഹ്നത്തിലെ ആ അഗ്നിയെ നോക്കിയാണ് ക്രിസ്തു പറഞ്ഞു വച്ചത്: "ഞാനാണ് ലോകത്തിന്റെ പ്രകാശം."

കെട്ടുപോകുന്ന അഗ്നിപോലെയല്ല, മറിച്ച് യഥാർത്ഥമായ പ്രകാശമാണ് ഞാനെന്ന് ക്രിസ്തു പഠിപ്പിക്കുന്നു. മലയാളത്തിലെ പ്രശസ്തമായൊരു കവിതാശകലം നമ്മെ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നുണ്ട്; 'വെളിച്ചം ദു:ഖമാണുണ്ണി, തമസല്ലൊ സുഖപ്രദം'. ലോകത്തിന്റെ ദുഷ്ടതകൾ കണ്ട കവി ഒരുപക്ഷെ ഒഴുക്കിനൊപ്പം നീങ്ങുകയെന്ന മനുഷ്യന്റെ നിസ്സഹായതയെ ഓർമ്മപ്പെടുത്തുന്നതാകാം. എന്നാൽ ക്രിസ്തു പറയും "എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല എന്ന്." ലോകത്തിന്റെ പ്രലോഭനങ്ങളിലേക്ക് കൂപ്പുകുത്തി, ഇരുട്ടിൽ തപ്പിതടയാതെ ക്രിസ്തുവിനെ അനുഗമിച്ച് പ്രകാശത്തിലായിരിക്കുക എന്നതാണ് വചനം നമുക്ക് തരുന്ന സന്ദേശം.

വിശുദ്ധ ഗ്രന്ഥത്തിലെ ക്രിസ്തുവിന്റെ ഈ പ്രസ്താവന അവന്റെ ഒരുപാട് പ്രവർത്തികളുടെ തുടർച്ച മാത്രമാണ്. ക്രിസ്തുവിന്റെ ജനന സമയത്ത് പ്രകാശമായി നക്ഷത്രമുദിക്കുന്നതും, ക്രിസ്തുവിനെ കൈയിലെടുത്ത് ശിമായാൻ ഇവൻ വീജാതീയർക്ക് വെളിപാടിന്റെ പ്രകാശമായിരിക്കും എന്ന് പ്രഖ്യാപിക്കുന്നതും, ക്രിസ്തു അനേകം അന്ധരെ സുഖപ്പെടുത്തുന്നതും എല്ലാം നാം ഇന്നത്തെ വചന ഭാഗത്തോട് ചേർത്തു വച്ച് വായിച്ചെടുക്കേണ്ട സത്യങ്ങളാണ്. ക്രിസ്തുവിന്റെ മരണ സമയത്ത് ഭൂമിമുഴുവൻ അന്ധകാരം വ്യാപിച്ചതും, അവനെ കുന്തം കൊണ്ട് കുത്തിയവന്റെ പോലും കണ്ണിന് കാഴ്ച ലഭിച്ചതും ക്രിസ്തു പ്രകാശമാണെന്ന സത്യത്തെ കൂടുതൽ വ്യക്തതയുള്ളതാക്കുന്നു.

ടി. പത്മനാഭൻ തന്റെ ആത്മകഥയിൽ യാത്ര കഴിഞ്ഞ് വരുന്ന താൻ ഒറ്റക്ക് തിരിച്ച് ഭവനത്തിലേക്ക് വരുമ്പോൾ തട്ടിവീഴാതിരിക്കാൻ വഴി മുഴുവൻ മൺചിരാവ് തെളിച്ച് വച്ച് കാത്തിരിക്കുന്ന അമ്മയുടെ ചിത്രം വിവരിക്കുന്നുണ്ട്. ക്രിസ്തു അങ്ങനെ തന്നെയാണ് ചെയ്യുന്നതെന്ന് നമുക്ക് പറയാം. നമ്മളും ലോകത്തിന്റെ- പാപത്തിന്റെ അന്ധകാരത്തിൽ വീണ് പോകാതിരിക്കാൻ ക്രിസ്തു പ്രകാശമായി നമ്മുടെയുള്ളിലും നമുക്ക് ചുറ്റും വ്യാപരിക്കുന്നു.

വിശുദ്ധ അഗസ്തിനോസിന്റെ ജീവിതത്തിലും വലിയ മാനസാന്തരത്തിന് കാരണമായ ചിന്ത ക്രിസ്തു പ്രകാശമാണ് എന്ന തിരിച്ചറിവാണ്. "രാത്രി കഴിയാറായി, പകൽ സമീപിച്ചിരിക്കുന്നു അതിനാൽ പകലിന് യോജിച്ച വിധം നമുക്ക് പെരുമാറാം." ഈ വചനമാണ് അഗസ്തിനോസിനെ വിശുദ്ധ അഗസ്തിനോസാക്കി മാറ്റിയത്.

നമ്മിലും ക്രിസ്തു എന്റെ ജീവിതത്തിന്റെ പ്രകാശമാണെന്ന ചിന്ത, നമ്മെ വലിയ മാനസാന്തത്തിലേക്കും, വിശുദ്ധിയിലേക്കും നയിക്കട്ടെ. വലിയ മാനസാന്തരം സംഭവിക്കേണ്ട കാലഘട്ടമാണല്ലോ നോമ്പുകാലം, അതിനാൽ നമ്മിലെ അന്ധകാരം അകന്നു പോകത്തക്കവിധം, ക്രിസ്തുവിന്റെ പ്രകാശം എന്നിൽ വീശുവാൻ നമുക്ക് ഓരോരുത്തർക്കും ആഗ്രഹിക്കാം. ഈ നോമ്പുകാലത്തിൽ ക്രിസ്തുവിന്റെ വചനങ്ങൾ അനുസരിച്ച് നമുക്ക് നമ്മുടെ ജീവിതങ്ങളെ ക്രമപ്പെടുത്താം. സങ്കീർത്തനം പഠിപ്പിക്കുന്നത് പോലെ "വചനം എന്റെ പാദങ്ങൾക്ക് വിളക്കും, പാതയിൽ പ്രകാശവുമായിരിക്കട്ടെ." ക്രിസ്തുവിന്റെ പ്രകാശത്തിൽ സഞ്ചരിക്കാനുള്ള അനുഗ്രഹം യാചിച്ചു കൊണ്ട് ഓരോ നിമിഷവും ജീവിക്കാം. ◆

